# Weekly devotion -June 2017

# Are You On His Right or Left

## (നിങ്ങൾ അവന്റെ വലത്തോ ഇടത്തോ?)




ഒരാട്ടിടയന് പല ആടുകൾ ഉണ്ടായിട്ടും ഒരാട് മാത്രം ഇടയനോട് പറ്റി ചേർന്ന് നില്ക്കുന്നതു കണ്ട ഒരു സ്നേഹിതൻ അതിന്റെ കാരണം അന്വേഷിച്ചു.ഇടയൻ ഇപ്രകാരമാണ് മറുപടി നൽകിയത്. " ഈ ആട് എന്റെ കൂടെ നിന്നും മാറി ഓടിപ്പോകും. ചിലപ്പോൾ കുഴിയിൽ വീഴും , ചിലപ്പോൾ കാണാതായി ഞാൻ വിഷമിക്കും .അതുകൊണ്ട് ഞാൻ ഇതിന്റെ കാലൊന്നൊടിച്ചു. വിരോധം കൊണ്ടല്ല, നന്നാകാനാണ്. ഒടിച്ച ഞാൻ കാൽ വച്ചു കെട്ടി തോളലേറ്റി നടന്നു. അതിനാൽ സുഖം പ്രാപിച്ചിട്ടും അത് എന്നെ വിട്ടു പോകാതെ ചേർന്നു നിൽക്കുന്നു.

പ്രീയരേ ! ഇതാണ് നല്ല ഇടയൻ . ഇടയനെ അറിയുന്ന ആടിനെ ഇടയനും അറിയുന്നു. ഇടയൻ തങ്ങളെ സമൃദ്ധിയിലേക്ക് നയിക്കുമെന്നറിയാവുന്ന ആടുകൾ ഇടയനെ അനുസരിക്കുന്നു. ശാന്ത സ്വഭാവക്കാരായ , അനുസരണമുള്ള ആടുകളെ ചെമ്മരിയാടുകൾ എന്ന് പറയുന്നു. ഈ ആടുകൾക്കു വേണ്ടി ഇടയൻ തന്റെ ജീവനെ കൊടുക്കുന്നു. ആരാണ് ആ ഇടയൻ എന്നും ഇടയന്റെ പ്രവർത്തികൾ എന്തെന്നും സങ്കീ. 23 ൽ കാണാവുന്നതാണ്.

കാഴ്ചയിലും , സ്വഭാവത്തിലും കോലാടുകൾ വ്യത്യസ്തരാണ്.കോലാടുകളും ചെമ്മരിയാടുകളും തമ്മിൽ കുത്തുണ്ടാക്കും . കോലാടുകൾ ഉപദ്രവകാരികളാണ്., സകലതും നശിപ്പിക്കും . അനുസരണമില്ലാതെ വേണ്ടാത്തിടത്ത് ഓടിക്കയറുന്ന കോലാടുകൾ നിഗളികളും , ഭോഷത്വം പ്രവർത്തിക്കുന്നവരുമാണ്. . ദൈവജനം അനുസരണമുള്ള ചെമ്മരിയാടുകൾ ആണ്. ഇന്നത്തെ ജനങ്ങൾ ഭൂരിപക്ഷവും കോലാടുകളുടെ സ്വഭാവക്കാരാണ്.

മനുഷ്യപുത്രൻ സകല വിശുദ്ധ ദൂതൻമാരുമായി തേജസ്സോടെ വരുമ്പോൾ തന്റെ സിംഹാസനത്തിൻമേലിരുന്ന് തന്റെ ആടുകളെ നല്ലതും തീയതുമായി വേർതിരിക്കും. ഇടയൻ ചെമ്മരിയാടുകളെ വലത്തും കോലാടുകളെ ഇടത്തുമായി നിർത്തുന്നു. ന്യായാധിപൻ ആയ യേശുക്രിസ്തുവിന്റെ വിധി സത്യവും , നീതിയും ഉള്ളതാകുന്നു. (യോഹ:5:22) , സങ്കീ(92:15), സങ്കീ(119:162) . ഈ ഭാഗങ്ങൾ വായിക്കുക. ഓരോരുത്തരുടേയും പ്രവർത്തിക്കനുസരിച്ചാണ് വിധി. പ്രവർത്തി 2 വിധത്തിൽ

1. നന്മ പ്രവർത്തി (യോഗ്യമായ നടപ്പ്)
2. തിന്മ പ്രവർത്തി (അയോഗ്യമായ നടപ്പ്)

ഇടയൻമാർ ചെമ്മരിയാടുകളെ വലത്തും കോലാടുകളെ ഇടത്തുമായി നിർത്തും പോലെ. തന്നെ അനുസരിച്ചവരെ 'അനുഗ്രഹിക്കപ്പെട്ടവരേ' എന്ന വിളിയാൽ താൻ ഒരുക്കിയ നിത്യരാജ്യത്തിലേക്ക് ക്ഷണിക്കുന്നു. ഇവരുടെ ഗുണങ്ങൾ മത്താ:(25: 32-40)വരെയുള്ള ഭാഗത്ത് കാണുന്നു. എന്നാൽ അനുസരണമില്ലാത്തവരെ (ഇടത്തുഭാഗത്തുള്ളവരെ- കോലാടിന്റെ സ്വഭാവമുള്ളവരെ) വിളിച്ചത് **'ശപിക്കപ്പെട്ടവരേ'** എന്നാണ്. ഇവർക്ക് നിത്യദണ്ഡനവും , നിത്യ നരകവുമാണ് അവകാശമായി ലഭിക്കുന്നത് എന്ന് വചനം വ്യക്തമാക്കുന്നു.

Read മത്തായി 25:45-46

എന്തുകൊണ്ടാണ് ചെമ്മരിയാടുകളെ അഥവാ അനുസരണ മനോഭാവമുള്ളവരെ വലതുഭാഗത്ത് ന്യായധിപൻ നിർത്തിയത്. എന്റെ ചിന്തയിൽ ആ വലതുഭാഗത്തിന്റെ പ്രത്യേകത പരിശുദ്ധാത്മാവ് കാട്ടിതന്നത് (ഉല്പത്തി 48:18,19)പഴയ നിയമത്തിൽ നിന്നാണ്. യാക്കോബ് യോസഫിന്റെ മക്കളെ അനുഗ്രഹിച്ചപ്പോൾ രണ്ടാമനായ എഫ്രയീമിന്റെ തലയിലാണ് പിതാവിന്റെ എതിർപ്പുണ്ടായിട്ടും വലതുകരം വച്ചത്. മൂത്തമകനെയും (മനശ്ശെ) അനുഗ്രഹിച്ചു എങ്കിലും അനുജൻ അവനെക്കാൾ അധികം വർദ്ധിക്കുമെന്ന് പറഞ്ഞ് അത് ഉറപ്പിച്ചു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനെ ആർക്കും മാറ്റി നിർത്തുവാൻ കഴിയുകയില്ല. ലോകത്തിന്റെ കണക്കല്ല ദൈവത്തിന്റെ കണക്ക് . യിസഹാക്ക്, യാക്കോബ് , ദാവീദ് ഇവരുടെ തിരഞ്ഞെടുപ്പുകൾ ഇതിനുദാഹരണമാണ്. **ആദ്യജാതനെന്ന പദവിയോ , വലിപ്പമോ, പൊക്കമോ, ഒന്നും അല്ല ദൈവം കണ്ടത്.** തന്റെ വലതുകരം അഥവാ വലതുവശം തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ളതാണ്.

കൃപയുടെ ആത്മാവിനെ നിന്ദിച്ചവർ, സമയം കൊടുത്തിട്ടും ഈ ഭാഗ്യം അവഗണിച്ച് ഇടതുഭാഗം മതി എന്ന് തീരുമാനിച്ചവർ യഹോവ പ്രതികാരം ചെയ്യുമെന്ന് മറക്കരുത്. പ്രീയരേ ! നാം ഇതിൽ ഏത് വിഭാഗത്തിൽപ്പെടും . നല്ല ഇടയനായ യജമാനനോട് ചേർന്ന് നടന്ന് വലതുവശം കൈവശമാക്കി ന്യായവിധി ദിവസം സന്തോഷിക്കുന്നവരാകുവാൻ ദൈവം സഹായിക്കട്ടെ. നല്ല ഇടയൻ നല്ല വഴികാട്ടിയായി നിങ്ങളുടെ കൂടെ ഇരിക്കട്ടെ.


**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind